"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്കിൽപ്പെട്ട ഉറുമ്പിക്കപടി-കൊടിത്തോട്ടം റോഡ് പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.438/2025/DMD തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:- 1. സ.ഉ.(സാധാ)നം.162/2022/DMD, തിയതി 18.02.2022.

2. കോട്ടയം ജില്ലാ കളക്ടറുടെ 19.07.2024, 01.05.2025 എന്നീ തീയതികളിലെ DCKTM/8693/2022-DM2 നമ്പർ കത്ത്.

**ഉത്തരവ്**

കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശം (1) ഉത്തരവ് പ്രകാരം കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്കിൽപ്പെട്ട എരുമേലി ഗ്രാമപഞ്ചായത്തിലെ ഉറുമ്പിക്കപടി-കൊടിത്തോട്ടം റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രവൃത്തിക്ക് നിശ്ചിത തിയതിക്കുള്ളിൽ കരാറിൽ ഏർപ്പെട്ട് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിച്ചില്ലായെന്നും വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ സാങ്കേതിക ഭൗതീക സാഹചര്യങ്ങളും ബുദ്ധിമുട്ടുകളും പരിഗണിച്ച് ഭരണാനുമതി തീയതി പ്രകാരമുള്ള നിശ്ചിത തീയതിക്കുശേഷം കരാറിലേർപ്പെട്ട സാഹചര്യം സാധൂകരിച്ച് പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം ജില്ലാ കളക്ടർ ശിപാർശ ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിരുന്ന കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്കിൽപ്പെട്ട എരുമേലി ഗ്രാമപഞ്ചായത്തിലെ ഉറുമ്പിക്കപടി-കൊടിത്തോട്ടം റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് കാലാവധിക്ക് ശേഷം കരാറിൽ ഏർപ്പെട്ട നടപടി സാധൂകരിച്ചും പ്രവൃത്തി പൂർത്തീകരിച്ചതിലെ കാലതാമസം മാപ്പാക്കിയും അന്തിമ ബിൽ തുകയിൽ നിന്നും എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം നിർവ്വഹിച്ച പ്രവൃത്തിക്ക് വേണ്ടി ചെലവായ തുക മാത്രം അനുവദിക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JUSTIN JOY J

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോട്ടയം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ,
വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/225/2024-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 28-06-2025 12:40:55
സെക്ഷൻ ഓഫീസർ

പകർപ്പ്: ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്